## പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.699 27.04.2017 ന് മറുപടിയ്ക്ക്.

**പാമ്പ് കടിയേൽക്കുന്നവർക്കുള്ള സഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പാമ്പ് കടിയേറ്റ് മരിക്കുന്നവർക്ക് വനം വകുപ്പ് സഹായം നൽകുന്നുണ്ടോ എന്ന് വിശദമാക്കുമോ; | (എ) പാമ്പ് കടിയേറ്റ് മരിക്കുന്നവർക്ക് ജി.ഒ.(എം.എസ്) നം.96/2014/വനം തീയതി. 14.11.2014 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നല്കിവരുന്നു. |
| (ബി) വനമേഖലയിലുൾപ്പെടുന്ന പ്രദേശത്ത് വച്ച് പാമ്പുകടിയേൽക്കുന്നവർക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കുമോ; | (ബി) ജി.ഒ.(എം.എസ്) നം.96/2014/വനം തീയതി.14.11.2014 പ്രകാരം വനത്തിനുള്ളിൽ വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നു. |
| (സി) നാട്ടിൻപുറങ്ങളിൽ വച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവർക്കും ഗുരുതരമായി അസുഖം ബാധിക്കുന്നവർക്കും എന്തെല്ലാം സഹായങ്ങൾ വനംവകുപ്പ് നൽകിവരുന്നുവെന്ന് വിശദീകരിക്കുമോ? | (സി) ജി.ഒ.(എം.എസ്) നം.96/2014/വനം തീയതി.14.11.2014 പ്രകാരം നാട്ടിൻപുറങ്ങളിൽ വച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 1 ലക്ഷം രൂപ നഷ്ടപരിഹാരം നല്കുന്നു. കൂടാതെ പാമ്പുകടിയേറ്റതിനെത്തുടർന്നുള്ള ചികിത്സയ്ക്ക് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും ചികിത്സാ രേഖകളുടെയും പിൻബലത്തിൽ പരമാവധി 75000/- രൂപ വരെ നല്കുന്നു. |

Sd/-

സെക്ഷൻ ഓഫീസർ